## പത്തനംതിട്ട ജില്ലയിൽ 192 പട്ടികവർഗ കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് നൽകി കുടുംബശ്രീ ജില്ലാമിഷൻ

കൊവിഡ്19 ലോക്ക് ഡൗൺ മൂലം പത്തനംതിട്ട ജില്ലയിൽ ദുരിതത്തിലായ റാന്നി പെരുനാട്, വടശ്ശേരിക്കര പഞ്ചായത്തിലെ 192 പട്ടികവർഗ കുടുംബങ്ങൾക്ക് സനേഹത്തിന്റെയും കരുതലിന്റെയും തണലൊരുക്കുകയാണ് കുടുംബശ്രീ പത്തനംതിട്ട ജില്ലാമിഷൻ. കൊവിഡ്19 കാലത്ത് ആദിവാസി മേഖലയിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിന്റെ ഭാഗമായി ഈ കുടുംബങ്ങൾക്ക് ആവശ്യമായ ഭക്ഷ്യസാധനങ്ങൾ ഉൾപ്പെടുത്തി ഭക്ഷ്യക്കിറ്റുകളുടെ ആദ്യഘട്ട വിതരണം നടത്തി. ഭക്ഷണ സാധനങ്ങൾ കിട്ടാതെ വിഷമിച്ച കുട്ടികളും മുതർന്നവരും ഉൾപ്പെടെയുള്ള ഊരുനിവാസികൾക്ക് ആവശ്യമായ ഭക്ഷ്യ കിറ്റുകൾ നൽകിയതു വഴി അവർക്ക് ഏറെ ആശ്വാസം പകരാൻ കുടുംബശ്രീക്ക് സാധിച്ചു. ഭക്ഷ്യസാധനങ്ങളുടെ വിതരണം ഇനിയും തുടരും.

കൊറോണ വൈറസ് ബാധ□തിരെ കേരളമെങ്ങും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ലോക്ക് ഡൗൺ ഏർപ്പെടുത്തിയപ്പോൾ ജില്ലയിലെ ആദിവാസി മേഖലയിൽ കഴിയുന്നവർക്ക് പുറത്തിറങ്ങി അവശ്യസാധനങ്ങൾ വാങ്ങാൻ കഴിയാതെ വന്നു. ഇവർ നേരിടുന്ന പ്രശ്നങ്ങൾ അനിമേറ്റർമാർ മുഖേന മനസിലാക്കിക്കൊണ്ട് കുടുബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ ഫലപ്രദമായ ഇടപെടലുകളാണ് നടത്തുന്നതിന് ഉടൻ തന്നെ തീരുമാനമെടുക്കുകയുമായിരുന്നു. തുടർന്ന് ജീവനക്കാരുടെ വിഹിതവും പുറത്തു സ്വകാര്യവ്യക്തികളിൽ നിന്നുള്ള സ്പോൺസർഷിപ്പും കൂടി ചേർത്ത് അരലക്ഷത്തിലേറെ രൂപ സമാഹരിക്കുകയും അതുകൊണ്ട് ഭക്ഷ്യവസ്തുക്കൾ വാങ്ങി ആദിവാസി ഊരുകളിലേക്ക് എത്തിച്ചു കൊടുക്കുകയുമായിരുന്നു. ജില്ലാമിഷൻ കോ ഓർഡിനേറ്റർ, അസിസ്റ്റന്റ്

കോഓർഡിനേറ്റർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, കുടുംബശ്രീ അനിമേറ്റർമാർ, എസ്.റ്റി പ്രമോട്ടർമാർ, അതത് വാർഡുമെമ്പർമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ എന്നിവർ രണ്ടു ടീമായി തിരിഞ്ഞു കൊണ്ടാണ് ഭക്ഷ്യക്കിറ്റുകൾ വിവിധ പഞ്ചായത്തുകളിലെ പട്ടികവർഗ കോളനികളിലെത്തിച്ചത്.

ളാഹ, കണമല, അരയാഞ്ഞിലിമണ്ണ്, ഉതിമൂട്, നാറാണംമൂഴി, അത്തിക്കയം, അരുവാപ്പുലം എന്നീ സ്ഥലങ്ങൾ ഉൾപ്പെടെയുള്ള വിവിധ പ്രദേശങ്ങളിൽ കഴിയുന്ന പ്രാക്തന ഗോത്രവർഗ ആദിവാസി കുടുംബങ്ങൾക്കുള്ള ഭക്ഷ്യവസ്തുക്കളുമായി മലയാലപ്പുഴ അമിനിറ്റി സെന്ററിൽ നിന്നാണ് സംഘം യാത്ര തിരിച്ചത്. വെളിച്ചെണ്ണ, ഗോതമ്പു പൊടി, മൈദ എന്നിവ ഒരു കിലോ വീതവും ഇതോടൊപ്പം ബിസ്ക്കറ്റ്. ബ്രഡ് എന്നിവയുമടങ്ങിയ കിറ്റാണ് ഓരോ കുടുംബത്തിനും ലഭ്യമാക്കിയത്. ഭക്ഷ്യക്കിറ്റുമായി കുടുംബശ്രീ ജില്ലാമിഷൻ പ്രതിനിധികൾ വരുന്ന വിവരം അനിമേറ്റർമാർ, എസ്.റ്റി പ്രമോട്ടർമാർ എന്നിവർ മുഖേന ഓരോ സ്ഥലത്തെയും ഊരുനിവാസികളെ അറിയിച്ചിരുന്നു. അതിനാൽ ഭക്ഷ്യസാധനങ്ങളുമായി വാഹനം ഓരോ പ്രദേശത്തും എത്തുമ്പോൾ ഉൾപ്രദേശങ്ങളിൽ കഴിയുന്ന ആദിവാസി കുടുംബങ്ങൾക്ക് വഴിയിലേക്ക് വന്ന് സാധനങ്ങൾ വാങ്ങുന്നതിന് എളുപ്പമായി. കുടുംബശ്രീ നൽകിയ ഭക്ഷ്യവസ്തുക്കൾ കൂടാതെ പട്ടികവർഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ഇവർക്ക് അരി നൽകിയിരുന്നു. കൂടാതെ റേഷൻകാർഡ് പ്രകാരമുള്ള അരിയും ഇവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ കൂടുതൽ ഭക്ഷ്യവസ്തുക്കൾ എത്തിക്കും.

ഭക്ഷ്യവസ്തുക്കൾ നൽകിയതു കൂടാതെ അനിമേറ്റർമാരുടെ സഹായത്തോടെ കൊറോണ വൈറസ് ബാധ□തിരെ കരുതേണ്ട മുൻകരുതലുകൾ, കൈകഴുകേണ്ടതിന്റെയും സാമൂഹിക അകലം പാലിക്കേണ്ടതിന്റെയും ആവശ്യകത, വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവയുടെ പ്രാധാന്യം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചും ഇവർക്കിടയിൽ ബോധവത്കരണം നടത്തി. കൂടാതെ കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാരുടെ നേതൃത്വത്തിൽ പട്ടികവർഗ വിഭാഗക്കാർക്കിടയിൽ ഫോൺ സൗകര്യമുള്ളവരുമായി ബന്ധപ്പെട്ടു കൊണ്ട് അവർക്കാവശ്യമായ മാനസിക പിന്തുണയും നൽകുകയും കൂടാതെ മറ്റെന്തെങ്കിലും അവശ്യസാധനങ്ങളുടെ അപര്യാപ്തതയുണ്ടെങ്കിൽ അക്കാര്യവും ചോദിച്ചറിഞ്ഞ് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തുകയും അവർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ആരോഗ്യ വകുപ്പുമായി സഹകരിച്ചു കൊണ്ട് ഇവർക്കാവശ്യമായ മരുന്നും കോളനിയിൽ എത്തിക്കുന്നുണ്ട്. വിവിധ ഊരുകളിൽ മരുന്ന് ആവശ്യമുള്ളവർക്ക് അനിമേറ്റർമാർമാരുടെ സഹായത്തോടെ എത്തിച്ചു കൊടുക്കാനും കുടുംബശ്രീ ജില്ലാമിഷന് സാധിക്കുന്നുണ്ട്.